# മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ്പദ്ധതി
# സോഷ്യൽ ഓഡിറ്റ്പ്പോർട്ട്

**പാലക്കാട്ജില്ല**

**ആലത്തൂർബ്ലോക്ക്**

തരൂര് **പഞ്ചായത്ത്**

**സോഷ്യൽ ഓഡിറ്റ് പീരീഡ് 23.08.19 to30.08.19**

റിപ്പോർട്ട്തയ്യാറാക്കിയത്

പ്രകാശൻ ടി

ആലത്തൂർ ബ്ലോക്ക് RP


വാര്ഡ് **13** തരൂര്

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)
# 2018-19

| ക്രമ | **ഉള്ളടക്കം** | പേജ് നമ്പർ |
|---|---|---|

| നമ്പർ | | |
| --- | --- | --- |
| 1 | കവർ പേജ് | 1 |
| 2 | **ഉള്ളടക്കം** | 2 |
| 3 | ഭൂപടം | 3 |
| 4 | ആമുഖം | 5 |
| 5 | രീതിശാസ്ത്രം | 6 |
| 6 | പഞ്ചായത്ത് അടിസ്ഥാന വിവരങ്ങൾ | 7 |
| 7 | വാർഡിനെ കുറിച്ചുള്ള അടിസ്ഥാന വിവരം | 7 |
| 8 | തൊഴിലുറപ്പ് പദ്ധതി അടിസ്ഥാന വിവരം | 7 |
| 9 | ഓഡിറ്റ് നു വിധേയമാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് | 8 |
| 10 | അവകാശഅധിഷ്ഠിതനിരീക്ഷണങ്ങൾ | 9 |
| 11 | ഫയൽപരിശോധന | 12 |
| 12 | 7രജിസ്റ്റർ പരിശോധന | 12 |
| 13 | പ്രവർത്തി ഫയലിലെ 22 രേഖകൾ | 14 |
| 14 | പ്രവർത്തികളുടെപരിശോധനവിവരണം | 20 |
| 15 | CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് | 23 |
| 16 | റോസ്റ്റാർദിനം | 24 |
| 17 | വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി | 24 |
| 18 | ഗ്രാമസഭ തീരുമാനങ്ങള് | 24 |
| 18 | ഉപസംഗ്രഹം | 27 |
| 19 | അനുബന്ധം- തൊഴിലുറപ്പ് പദ്ധതിയില് ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികള് | 28 |
| 20 | അനുബന്ധം2 വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതല | 29 |

**<u>ഭൂപടം</u>**


TARUR GRAMA PANCHAYAT
Peringottukurissi Grama Panchayath
Thiruvillwamala Grama Panchayath
Kuthannur Grama Panchayath
Erimayur Grama Panchayath
Thrissur Dist.
Kavassery Grama Panchayath
Gayathri River
1
2
3
4
5
6
7
8
9
10
11
12
13
14
15
16
District Boundary
Grama Panchayath Boundary
Ward Boundary
Panchayath Road
PWD Road
River
Canal & Strems
Name of Wards
1. Thottumpalla
2. Pazhambalakode
3. Cherikkal
4. Kuttamkode
5. Nechur
6. Amabattuparambu
7. Thodukadu
Alinkal Parambu
9. Kundukadu
10. Vavulliapuram
11. Kavungal
12. Athipotta
13. Tarur
14. Valakkara
15. Anyasseri
16. Kuruthikode


13-TARUR
VALAKKARA
KAVUNKAL
Tarur
ATHIPOTTA
GAYATHRI
PUZHA

വാർഡ് മാപ്: തരൂര്

## ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻറെ ലക്ഷ്യമാണ്.

## സവിശേഷതകൾ

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരെ ഇടനിലക്കാരോ ഇല്ല
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്
- ബാങ്ക് പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം
- സ്ത്രീകൾക്ക് മുൻഗണന
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിങ്ങിനു വിധേയമാക്കണമെന്ന17(2) വകുപ്പ് നിഷ്കർഷിക്കുന്നു പദ്ധതി പ്രവർത്തന ത്തെപ്പറ്റിയും പൊതു ധനംചിലവഴിക്കുന്നതിനെപ്പറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് ആണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന .തൊഴിലുറപ്പ് നിയമപ്രകാരം വർഷത്തിൽ രണ്ടുതവണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേണ്ടതാണ്സോഷ്യൽ ഓഡിറ്റ് ലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിന് സത്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു.പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ട് എന്നും പണം ചെലവഴിച്ച് അതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്നും ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട് എന്ന് സോഷ്യൽ കണ്ടെത്താൻ

കഴിയുന്നുസംസ്ഥാന സർക്കാർ  സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതി സംബന്ധിച്ച്  ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.സോഷ്യൽ ഓഡിറ്റ്  ഗ്രാമസഭയുടെ വിജയം ജനപങ്കാളിത്തആണ്.സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി, വേദി എന്നിവ നിശ്ചയിച്ച 5 ദിവസം മുമ്പ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം പദ്ധതി ആസൂത്രണ്ണം. നിർവഹണം, മോണിറ്ററിംഗ് തുടങ്ങി എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പ ദ്ധതിയിൽ  സുഗമവും സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന്  കേരളത്തിൽ  സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് 31 1 2017 നിലവിൽവന്നു

## 1.രീതിശാസ്ത്രം

സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പെർസൺ  പ്രവർത്തി ഫയൽ പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികളും ആയുള്ള അഭിമുഖം, എം ഐ എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. താഴെ പറയുന്ന രീതി അവലംബിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

1. **ഓഡിറ്റ് പ്ലാൻ**
   - 1.1 ഓഡിറ്റ് പ്ലാൻ തയ്യാറാക്കൽ
   - 1.2 ഓഫീസ് സന്ദർശന പരിപാടികൾ
2. **അഭിമുഖം**
   - 2.1 ബിഡിഒ, പഞ്ചായത്ത് പ്രസിഡൻറ്, ജനപ്രതിനിധികൾ, സെക്രട്ടറി & സ്റ്റാഫ്
   - 2.2 മേറ്റ്, തൊഴിലാളികൾ, കർഷകർ,  തൊഴിലിന് പോകാത്ത തൊഴിൽ കാർഡ് ഉടമകൾ
3. **ഫയൽ പരിശോധന**
   - 3.1 പൊതു പ്രവർത്തികൾ, വ്യക്തിഗത പ്രവർത്തികൾ
   - 3.2 രേഖകളുടെ ഉള്ളടക്കം - സുതാര്യത, പരിപൂർണ്ണത
4. **ഫീൽഡ് സന്ദർശനം, നിരീക്ഷണം**
   - 4.1 പൂർത്തിയായ തൊഴിലിടം, നടന്നുകൊണ്ടിരിക്കുന്ന തൊഴിലിടം
5. **റഫറൻസ്**
   - 5.1 വികസനരേഖ, വാർഷിക പദ്ധതി രേഖ, എംഐഎസ്, രജിസ്റ്ററുകൾ
6. **വിവരങ്ങളുടെ ക്രോഡീകരണം**
   - 6.1 ക്രോസ് വെരിഫിക്കേഷൻ, അവസാനവട്ട ചർച്ച
7. **കരട് റിപ്പോർട്ട് തയ്യാറാക്കൽ**

## 2.പഞ്ചായത്ത്**അടിസ്ഥാനവിവരങ്ങൾ**

| | | |
|---|---|---|
| 1 | ജില്ല | പാലക്കാട് |
| 2 | ബ്ലോക്ക് | ആലത്തൂർ |
| 3 | അതിരുകൾ | |
| | കിഴക്ക് | കാവശ്ശേരി, എരിമയൂര് പഞ്ചായത്തുകൾ |
| | പടിഞ്ഞാറ് | ഗായത്രി പുഴ |
| | തെക്ക് | ഗായത്രി പുഴയും, കാവശ്ശേരി പഞ്ചായത്ത് |
| | വടക്ക് | തിരുവില്ല്വാമല, പരെിങ്ങ്ോട്ടുകുറിശ്ശി, കുത്തന്നൂര് പഞ്ചായത്തുകള് |
| 4 | വിസ്തീർണം | 34.72ച. കി. മി |
| 5 | വാർഡ്കളുടെഎണ്ണം | 16 |
| 6 | ജനസംഖ്യ | 25993 |
| 7 | സ്ത്രീകള് | 13394 |
| 8 | പുരുഷന്മാര് | 12599 |
| 9 | പട്ടികജാതി ജനസംഖ്യ | 3120 |
| 10 | പട്ടിക വര്ഗ ജനസംഖ്യ | 87 |
| 11 | സാക്ഷരത | 87ശതമാനം |

## **3.വാർഡിനെ കുറിച്ചുള്ള അടിസ്ഥാന വിവരം**

| | | |
|---|---|---|
| 1 | അതിരുകൾ | |
| 1.1 | വടക്ക് | വാളക്കര കാട്ടുമുക്ക് |
| 1.2 | തെക്ക് | ഗായത്രിപുഴ |
| 1.3 | കിഴക്ക് | അത്തിപൊറ്റ |

| | | |
|---|---|---|
| 1.4 | പടിഞ്ഞാറ് | ഗായത്രിപുഴ പള്ളയില് പാടശേഖരം |
| 2 | വിസ്തീർണ്ണം | |
| 3 | ജനസംഖ്യ | 2500 |
| 3.3 | എസ്സി കുടുംബങ്ങള് എണ്ണം | 28 |
| 4 | വീടുകളുടെ എണ്ണം | 422 |

## 4.തൊഴിലുറപ്പ് പദ്ധതി അടിസ്ഥാന വിവരം

| | **അടിസ്ഥാന വിവരം** | തരൂര് | വാർഡ് 13 |
|---|---|---|---|
| 1 | Total No. of Job Cards issued | 5425 | 337 |
| 2 | Total No. of Active Job Cards | 4721 | 109 |
| 3 | Total no. of Job cards ST | 18 | |
| 4 | Total no. of Job cards SC | 686 | 26 |
| 4 | Persondays Generated so far | 169099 | 6131(**(oct1 to march31st)** |
| 5 | Total No of HHs completed 100 Days of Wage Employment | 464 | 38 |
| | Total Expenditure | 49066000(490.66) | **1686025(oct1 to march31st)** |

## 5.ഓഡിറ്റ്നു വിധേയമാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ്

| **ക്രമ നമ്പർ** | **പ്രവൃത്തിയുടെ പേര്** | **വർക്ക് ഐ,ഡി** | **കാലയളവ്** | **ചിലവ** | **പ്രവൃത്തി ദിനങ്ങൾ** |
|---|---|---|---|---|---|
| **1** | **പാർശ്വവൽകരിക്കപെട്ട** കുടുംബങ്ങള്ക്ക് ഹരിത വലേി നിര്മാണം | **DP/270369** | **07.08.18 to 28.12.18** | 480975 | 1749 |

| | | | | | |
|---|---|---|---|---|---|
| 2 | പാർശ്വവൽകരിക്കപെട്ട കുടുംബങ്ങള്ക്ക് മഴകുഴി നിര്മാണം കുളകാടു പ്രദശേം | WC/325587 | 15.01.2019 to 25.03.2019 | 297825 | 1083 |
| 3 | തരൂര് വാലററം **പാടശേഖര** സമിതി **കൃഷിഭൂമിയിൽ മണ്ണ് കയ്യാല നിർമാണം** | LD/324188 | 02.11.**2018 TO 23.11.2018** | 275275 | 1001 |
| 4 | തരൂര് ബ്രാഞ്ച്കനാല് ഇടിയുന്ന ഭാഗത്ത് കയര് ഭൂവസ്ത്രം ഉപയോഗിച്ച് പാര്ശ്വഭിത്തി സംരക്ഷണം മണ്ണടെുത്ത് ജലസചേന സൌകാര്യം വര്ദ്ധിപ്പിക്കലും | IC/213203 | **25.09.18 TO 08.10.18** | 231000 | **840** |
| 5 | കോഴിക്കാട് ചക്കെ് ഡാം മുതല് കുളകാടു ഗായത്രി പുഴ സംരക്ഷണവും വശങ്ങളില് വൃക്ഷ തയൈുകള് വചെ്ചു പിടിപ്പിക്കലും | WC/298750 | **19.02.19 TO 11.03.19** | 19167 5 | **697** |
| 6 | ശ്രീ കുറുംബകാവ് മുതല് ചപെ്പാട്ടില് പാടം ആയുര്വദേ ആശുപത്രി ipp വരെ കാട കനാല് മണ്ണടെുത്ത് ജലസചേന സൌകാര്യം വര്ദ്ധിപ്പിക്കലും | IC/214698 | **11. 10. 2018 TO 24.10.2018** | 209275 | **761** |

# <u>6.അവകാശഅധിഷ്ഠിതനിരീക്ഷണങ്ങൾ</u>

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലൂടെ ഗ്രാമീണ ജനതയ്ക്ക് തൊഴിൽ നല്കപെടുന്നതോടൊപ്പം അവരുടെ പത്തു അവകാശങ്ങളും സംരക്ഷിക്കപെടുന്നു.

1. സൗജന്യമായി തൊഴിൽകാർഡ് ലഭിക്കുവാൻഉള്ളഅവകാശം- ഷെഡ്യൂൾ 2; ഖണ്ഡിക 1-5, വാർഷിക മാസ്റ്റർ സർക്കുലർഅദ്ധ്യായം-3
2. അപേക്ഷിച്ച് 15ദിവസത്തിനുള്ളിൽതൊഴിൽലഭിക്കുവാനുള്ളഅവകാശവുംആയത്തിന്റെ കൈപ്പറ്റു റസീതു ലഭിക്കുന്നതിനുംഉള്ളഅവകാശം- ഷെഡ്യൂൾ 1; ഖണ്ഡിക 8, ഷെഡ്യൂൾ 2; ഖണ്ഡിക 6-13
3. അല്ലെങ്കിൽതൊഴിലില്ലായ്മവേതനംലഭിക്കുവാനുള്ളഅവകാശംആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ളദിവസങ്ങളിൽ 1/2)
4. ഷെൽഫ്ഓഫ്പ്രോജക്ട്തയ്യാറാക്കുവാനുള്ളഅവകാശം
5. അഞ്ച്കിലോമീറ്ററിനുള്ളിൽതൊഴിൽലഭിക്കാനുള്ളഅവകാശംഅല്ലെങ്കിൽവേ

തനത്തിന്റെ 10% അധികംലഭിക്കുവാനുള്ളഅവകാശം

6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമശുശ്രൂഷസൗകര്യംഇവലഭിക്കുന്നതിനുള്ളഅവകാശംഷെഡ്യൂൾ 2; ഖണ്ഡിക 23-28
7. 15 ദിവസത്തിനുള്ളിൽവേതനംലഭിക്കുന്നതിനുള്ളഅവകാശം
8. വേതനവിതരണത്തിലെകാലതാമസത്തിന് നഷ്ടപരിഹാരംലഭിക്കുവാനുള്ളഅവകാശം
9. സമയബന്ധിതമായുള്ളപരാതിപരിഹാരത്തിനുള്ളഅവകാശം
10. സോഷ്യൽഓഡിറ്റ്നടത്തുന്നതിനുള്ളഅവകാശം

സോഷ്യൽ ഓഡിറ്റിലൂടെ പ്രവൃത്തികളുടെ പരിശോധനയും അതോടൊപ്പം തൊഴിലാളികളുടെ പത്തു അവകാശങ്ങളും സംരക്ഷിക്കപെടുന്നു വെന്നും വിലയിരുത്തുന്നു

.അവകാശഅധിഷ്ഠിതമായ നിരീക്ഷണങ്ങൾ താഴെപ്പറയുന്നു.

തൊഴിൽ കാർഡ് ലഭ്യമാകുന്നത് സംബന്ധിച്ചു

- തൊഴിലുറപ്പു നിയമം ഷെഡ്യൂൾ 2 പാര 1 അനുസരിച് 18 വയസ്സ് പൂർത്തിയായ ഏതൊരാളും തൊഴിൽ കാർഡിന് അപേക്ഷിച്ചാൽ 15 ദിവസത്തിനുള്ളിൽ ഫോട്ടോ പതിച്ച തൊഴിൽ കാർഡ് കേന്ദ്ര സർക്കാർ ചെലവിൽ ലഭിക്കാനുള്ള അവകാശമാണ് നിയമം നൽകുന്നത്.

നിരീക്ഷണം

- 337 തൊഴിൽ കാർഡുള്ള ഈ വാർഡിൽ 109 പേർ സജീവമായി തൊഴിൽ ചെയ്യുന്നവരാണ്. 2018-19 കാലയളവില് തൊഴില് കാർഡിന് അപേക്ഷിച്ച എല്ലാവർക്കും തൊഴില് കാർഡ് ലഭ്യമാക്കിയിട്ടുണ്ട് . തൊഴിലാളികൾ സ്വന്തം ചെലവിലാണ് പുതിയ തൊഴിൽ കാർഡിൽ ഫോട്ടോ പതിച്ചത് എന്നും മനസിലാക്കാൻ സാധിച്ചു ഇതു അവകാശ ലംഘനമാണ്

## **തൊഴിൽ ആവശ്യ പെടുന്നത് സംബന്ധിച്ച**

അപേക്ഷിച്ചു പതിനഞ്ചു ദിവസത്തിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശവും ആയതിന്റെ കൈപറ്റ് രസീത് ലഭിയ്ക്കുവാനുള്ള അവകാശം

നിരീക്ഷണം

- **പരിശോധിച്ചതിൽ വെള്ളപേപ്പറിൽ കൂട്ടായി എഴുതി മേറ്റ്നെ**

**ഏൽപ്പിച് ഫ്രെണ്ട് ഓഫീസിൽ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത് . ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾക്കു രസീതിയും നാൽകാറുണ്ട് വളരെ നല്ല രീതിയാണ്**

.തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം

- തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിൽ ആവശ്യപെട്ടു കഴിഞ്ഞാൽ പതിനഞ്ച് ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം.
- അല്ലെങ്കിൽതൊഴിലില്ലായ്മവേതനംലഭിക്കുവാനുള്ള അവകാശം ആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ളദിവസങ്ങളിൽ 1/2)

നിരീക്ഷണം

- 15 ദിവസത്തിനകത്തുതന്നെതൊഴിൽലഭിച്ചിരുന്നു 100 തൊഴിൽ ദിനങ്ങൾക്കുള്ള അവകാശമുണ്ടായിട്ടും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 35നും45നും ഇടയിലുള്ള തൊഴിൽ ദിനങ്ങൾ മാത്രമാണ് ഈ വാർഡിലെ തൊഴിലാളികൾക്ക് ലഭ്യമായിട്ടുള്ളത്.
- 109 പേർ ആക്റ്റീവ് തൊഴിലാളികൾ ഉള്ള ഈ വാർഡില് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 38 പേർക്കു നൂറു തൊഴിൾ ദിനങ്ങൾ ലഭ്യമായി

ജോലിസ്ഥലത്ത്,കുടിവെള്ളം,തണൽ,പ്രഥമശുശ്രൂഷകിറ്റുകൾ, എന്നിവലഭിക്കുന്നതിനുള്ള അവകാശം.

- തൊഴിലുറപ്പ് നിയമ പ്രകാരം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് കുടിവെള്ളം,തണൽ ,പ്രഥമ ശുശ്രൂഷ കിറ്റ് ,കയ്യുറ കാലുറ എന്നിവ പ്രവൃത്തി നടപ്പിലാക്കുന്ന സ്ഥാപനം വഴി സൗജന്യ മായി തൊഴിലാളികൾക്ക് ലഭികെണ്ടാതാണ്

നിരീക്ഷണം

- നിലവിൽ കുടിവെള്ളം ലഭ്യമായിട്ടുണ്ട് പ്രഥമശുശ്രൂഷയ്ക്കുള്ള കിറ്റ്,തണൽ,എന്നിവ കഴിഞ്ഞ 6 മാസത്തെ പ്രവര്ത്തികളില് ലഭ്യമായിട്ടില്ല എന്നാണ് ഫീൽഡ് വിസിറ്റ് ചെയ്യുന്ന സമയത്ത് തൊഴിലാളികളിൽ നിന്നും മേറ്റ് മാരിൽ നിന്നും മനസിലാക്കാൻ സാധിച്ചത്. കയുറകളും കാലുറകളും മതിയായ അളവിൽ ലഭ്യമാക്കണം എന്നും ആവശ്യപ്പെട്ടിരുന്നു.

**പദ്ധതി ആരംഭ മീറ്റിംഗിൽ പങ്കെടുക്കുവാനുള്ള അവകാശം**

- തൊഴിൽ ഉറപ്പു നിയമം ഷെഡ്യൂൾ ഇരുപത്തി രണ്ടു പ്രകാരം ഒരു പദ്ധതി ആരംഭിക്കുന്നത് മുൻപ് പദ്ധതി സംബന്ധിച്ച മുഴുവൻ കാര്യങ്ങളും കൃത്യമായി തൊഴിലാളികളെ ബോധ്യ പ്പെടുത്തുന്നതിന് ബന്ധപെട്ട നിർവഹണ ഉദ്യോഗസ്ഥന്റെയും ,വാർഡ് മെമ്പർ,സാങ്കേതിക ഉദ്യോഗസ്ഥർ എന്നിവരുടെ സാനിധ്യത്തിൽ ഏതെന്കിലും പൊതു സ്ഥലത്തോ തൊഴിലിടങ്ങളിൽ വച്ച് പദ്ധതി ആരംഭ മീറ്റിംഗ് നടത്തേണ്ടതുണ്ട്.

നിരീക്ഷണം

- നിലവിൽ വാർഡിൽ പ്രവ്ർത്തി തുടങ്ങുന്നതിനു മുൻപ് പദ്ധതി ആരംഭ മീറ്റിങ് കൂടാറുണ്ട് എന്നാണ് തൊഴിലാളികളുമായുള്ള സംസാരത്തിലും സൈറ്റ് ഡയറി പരിശോധിച്ചപ്പോഴും മനസിലാക്കാൻ സാധിച്ചത്.

**തൊഴിലിടങ്ങളിൽ ഏതെന്കിലും തരത്തിൽ ഉള്ള അപകടം സംഭവിച്ചാൽ ചികിത്സ്യക്ക് ആവശ്യമയി വരുന്ന മുഴുവൻ ചിലവുകളും തൊഴിലാളിക്ക് ലഭ്യമാക്കണം**

നിരീക്ഷണം

- ഓഡിറ്റ് കാലയളവിൽ സത്യഭാമ ദാമോദരന് 15/23 തൊഴിലടെുക്കണ സമയത്ത് കയ്യിന് സുഖമില്ലാതായതയും ചികല്സ നടന്നുകൊണ്ടിരിക്കുന്നതയും അറിയിച്ചു അവര്ക്ക് വണ്േട ചലെവ് ലഭ്യമാക്കുന്നതിന് വണ്േട നടപടികള് ആരംഭിച്ചതായി മറേ്റ് മഞ്ജുഷ അറിയിച്ചു മറ്റുള്ള അപകടം ഒന്നും സംഭവിച്ചിട്ടില്ല എന്നാണ് തൊഴിലാളികളുമായുള്ള ഗ്രൂപ്പ് ചർച്ചയിൽ നിന്ന് മനസിലാക്കാൻ സാധിച്ചത്

**പരാതി പരിഹാരം**

- തൊഴിലുറപ്പ് നിയമ ഷെഡ്യൂൾ പത്തൊൻപതു പ്രകാരം സമയബന്ധിതമായി പരാതി പരിഹാരത്തിനുള്ള അവകാശം നിഷ്കർഷിക്കുന്നു.പദ്ധതിയുമായി ബന്ധപെട്ട പരാതികൾ ഫോൺ മുഖേന ടോൾ ഫ്രീ നമ്പർ ഉപയോഗിച്ചും രേഖാമൂലം എഴുതി നൽകിയും ഇ മെയിൽ വഴിയും സമർപ്പിക്കാവുന്നതാണ്...
- 18004255720 എന്ന ടോൾ ഫ്രീ നമ്പറിൽ പരാതികൾ രേഖപെടുത്താം എന്നുള്ള വിവരം തൊഴിലാളികളിൽ ലഭ്യമാക്കണം

നിരീക്ഷണം

- 18004255720 എന്ന ടോൾ ഫ്രീ നമ്പറിൽ പരാതികൾ രേഖപെടുത്താം എന്നുള്ള വിവരം തൊഴിലാളികളിൽ ലഭ്യമല്ല.
- ഫീല്ഡ് സന്ദര്ശന വളേയില് തൊഴിലാളികളും ആയുള്ള കൂടികാഴ്ചയില് നിലവില് ഓഫീസില് ചന്നെു പരാതി പറയാറുണ്ട് എന്നാണ്പറയുന്നത് എന്ആര്ആര്ജിഎസ് വിഭാഗത്തില് വരുന്ന പരാതികള് വിഎഎല്എആര്ഇ നല്ല രീതിയില് ഓരോ പരാതിക്കും ഓരോ പുതിയ ഫയലുകള് തുറക്കുകയും തുടര്നടപടികള് സ്വീകരിക്കുകയും ചയ്െതതായി കാണാന് കഴിഞ്ഞു വളരെ നല്ല പരാതിപരിഹാര സംവിധാനമാണ്. പക്ഷേ കഴിഞ്ഞ 6 മാസത്തില് 3 പരാതികള് രജിസ്റ്റെരിൽ രഖേപ്പടെുത്തി കണ്ടു എന്നാല് അതുമായി ബന്ധപ്പടെ്ട ഫയലുകള് കാണാന് കഴിഞ്ഞില്ല.പരാതികള് താഴെ പറയുന്നവ
- മറേ്റ് മാരെ മാറ്റുന്നത്
- ഫംപോണ്ട് നിര്മാണം അടുത്തുള്ള വീടിന് അപകടം

  ഇവ രജിസ്റ്റെരിൽ പരിഹരിച്ചതായി കാണാന് കഴിഞ്ഞു സക്രെറ്ററി സാക്ഷ്യപ്പടെുത്തിയിട്ടില്ല
- മറ്റുള്ള പരാതികൾ പരാതി രജിസ്റ്റെരിൽ രേഖപ്പെടുത്തകയും പരിഹാരം കാണുകയും ചെയിതിരിക്കുന്നു

**അഞ്ചുകിലോമീറ്റർചുറ്റളവിൽതൊഴിൽലഭിക്കുവാനുള്ളഅവകാശം(Schedule 2 Para 18 )**

- തൊഴിലാളിയുടെതാമസസ്ഥലത്തുനിന്ന്അഞ്ച്കിലോമീറ്റർചുറ്റളവിലല്ലതൊഴിൽലഭിക്കുന്നതെങ്കിൽവേതനത്തിന്റെ 10

ശതമാനംകൂടിഅധികവേതനംലഭിക്കുന്നതിനുള്ളഅവകാശം

നിരീക്ഷണം

- ഒരേവാർഡിൽതന്നെയുള്ളപണികളാണ് തൊഴിലാളികൾ ചെയ്തു വരുന്നത്

## <u>സോഷ്യൽ ഓഡിറ്റ് നടത്തുവാനുള്ള അവകാശം</u>

- തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു നടപ്പിലാക്കുന്ന മുഴുവ്ഴ്ൻ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റ് നു വിധേയമാക്കണമെന്ന് സെക്ഷൻ 17(2) നിഷ്കർഷിക്കുന്നു
- നിയമം അനുശാസിക്കും പ്രകാരം ഉള്ള സോഷ്യൽ ഓഡിറ്റ് പ്രക്രിയ ഇതുവരെ നടന്നിട്ടില്ല.

## <u>9 .</u> രജിസ്റ്റർ പരിശോധന

കേന്ദ്ര സർക്കാറിന്റെ നിർദേശ പ്രകാരം താഴെ പറയുന്ന ഏഴു രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷികേണ്ടാതാണ്

- AMC പ്രകാരമുള്ള 4രജിസ്റ്ററുകൾഉണ്ടായിരുന്നു എങ്കിലുംവിവരങ്ങള് പൂര്ണമായിരുന്നില്ല
-

## 1. തൊഴിൽ കാർഡ് രജിസ്റ്റർ

- തൊഴിൽകാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ ആണ്തൊഴിൽകാർഡ് രജിസ്റ്റർ. 2018-19 കാലയളവിൽ പഞ്ചായത്തിൽ നിന്നും പുതിയ കാര്ഡുകള് 206 എണ്ണം അനുവദിച്ചിട്ടുണ്ട്. 2018-19 കാലയളവിൽ 5425 ആണ് നിലവിലുള്ളത് പതിമൂന്നാം വാർഡ് തരൂര് വാര്ഡില് പുതിയതായി തൊഴില് കാര്ഡുകള് 11 എണ്ണം അനുവദിച്ചരിക്കുന്നു ആകെ ജോബ് കാരടുകൾ 337ഇതിലേക്ക് ആക്ടീവ വർക്കേഴ്ട് 109പേർ ജോബ് കാർഡ് ലിസ്റ്റ് വളരെ നല്ല രീതിയിൽ ബൈൻറ് ചെയ്ത സൂക്ഷിച്ചിരിക്കുന്നു.എന്നാൽ mis രൂപത്തിളുള്ള ജോബ് കാർഡ് ഈ കാലയളവിൽ ഭാഗിഗ്മയാണ് പ്രിന്റ് ചെയ്ത് സൂക്ഷിച്ചിരിക്കുന്നത്

## 2 ഗ്രാമസഭരജിസ്റ്റർ

- ഓഡിറ്റിനു വിധേയമാക്കിയ .പതിമൂന്നാം വാർഡിലെ ഗ്രാമസഭരജിസ്റ്റർ പരിശോധിച്ചപ്പോൾ തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റെടുക്കേണ്ട പദ്ധതികൾ ഗ്രാമസഭയിൽ ചർച്ച ചെയ്തു തീരുമാനിച്ചതായി കാണുവാൻ സാധിച്ചു എന്നാൽ കഴിഞ്ഞ 6 മാസത്തെ നടപ്പിലാക്കിയ പ്രവര്ത്തികളല്ലൊം അഡീഷണൽ ആക്ഷൻ പ്ലാനിലാണ് ഉൾപ്പെടുത്തിയിരിക്കുന്നുത്

## 3 ഡിമാൻഡ്അലോക്കേഷൻ/വേതനരജിസ്റ്റർ

- **പരിശോധിച്ചതിൽ വെള്ളപേപ്പറിൽ കൂട്ടായി എഴുതി മേറ്റനെ ഏൽപ്പിച് ഫ്രെണ്ട് ഓഫീസിൽ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത് . ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾക്കു രസീതിയും നാൽകാറുണ്ട് വളരെ നല്ല ഡിമാൻഡ് രീതിയാണ്**
- **ആയതുകൊണ്ട്** പതിമൂന്നാം **വാർഡിൽ പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവൃത്തികളുടെ ഡിമാൻഡ്ഷണ്ടെത്തിയെങ്കിലും 'ഓരോ പ്രവർത്തിയുടെയും ഡിമാൻഡ് അതാത് ഫയലിൽ സൂക്ഷിക്കുന്നതായിരിക്കും അഭികാമ്യം.**

## 4.വർക്ക് രജിസ്റ്റർ:

- പ്രവൃത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
- **2018 19 കാലയളവിൽ ചെയ്യുവാൻ ഉദ്ദേശിച്ചിരുന്ന മുഴുവൻ ഫയലുകളുടേയും വിവരങ്ങൾ വർക്ക് രജിസ്റ്ററിൽ ഉണ്ട് എം,ൈഎ.എസ് ൽ നിന്നും ഡൗൺലോഡ് ചെയ്തു സൂക്ഷിച്ചി**രിക്കുന്നു

## 5 ആസ്തിരജിസ്റ്റർ: (സ്ഥിര ആസ്തികളുടെ രജിസ്റ്റർ)

- 2019 ജനുവരി മാസം വരെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ചെയ്യുന്ന പ്രവർത്തികളുടെ പേരും വിവരങ്ങളും നല്ല രീതിയിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട് ഗുണഭോക്കതക്കുളുടെ പരേ് കൂടീ ചരേ്ക്കണ്േടതാണ്
- 2018 ഒക്ടോബര് മുതല് ഡിസംബര് വരെ പൂര്ത്തിയായ പ്രവര്ത്തികളുടെ ആസ്തി വിവരങ്ങ്ള് രഖേപ്പടുെത്തി കണ്ടില്ല

## 6 പരാതി രജിസ്റ്റർ:

- എന്ആര്ആര്ജിഎസ് വിഭാഗത്തില് വരുന്ന പരാതികള് നല്ല രീതിയില് ഓരോ പരാതിക്കും ഓരോ പുതിയ ഫയലുകള് തുറക്കുകയും തുടര്നടപടികള് സ്വീകരിക്കുകയും ചയ്െതതായി കാണാന് കഴിഞ്ഞു വളരെ നല്ല പരാതിപരിഹാര സംവിധാനമാണ്. പക്ഷേ കഴിഞ്ഞ 6 മാസത്തില് 3 പരാതികള് രജിസ്റ്റെരിൽ രഖേപ്പടുെത്തി കണ്ടു എന്നാല് അതുമായി ബന്ധപ്പട്െട ഫയലുകള് കാണാന് കഴിഞ്ഞില്ല.പരാതികള് താഴെ പറയുന്നവ
- മറ്േറ് മാരെ മാറ്റുന്നത്
- ഫംപോണ്ട് നിര്മാണം അടുത്തുള്ള വീടിന് അപകടം

ഇവ രജിസ്റ്റെരിൽ പരിഹരിച്ചതായി കാണാന് കഴിഞ്ഞു സകെ്രട്ടറി സാക്ഷ്യപ്പടുെത്തിയിട്ടില്ല

- മറ്റുള്ള പരാതികൾ പരാതി രജിസ്റ്റെരിൽ രേഖപ്പെടുത്തകയും പരിഹാരം കാണുകയും ചെയിതിരിക്കുന്നു

## മെറ്റീരിയൽരജിസ്റ്റർ :

- **മെറ്റീരിയൽരജിസ്റ്റർപരിശോധിച്ചതിൽകഴിഞ്ഞവർഷംമെറ്റീരിയൽ**

**ഉപയോഗിച്ച്ചെയ്യുവാൻസാധിച്ചിരിക്കുന്ന.പ്രവൃത്തികളുടെ മെറ്റീരിയൽ വിവരങ്ങൾ മെറ്റീരിയൽരജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ട്.**

## 9.2പ്രവൃത്തി ഫയലിലെ 22 രേഖകൾ

വാർഷിക മാസ്റ്റർ സർകുലർ പ്രകാരം ഒരു പ്രവൃത്തി ഫയലിൽ താഴെപറയുന്ന ഇരുപത്തിരണ്ടു രേഖകൾ നിർബ്ബന്ധമായും ഉണ്ടായിരിക്കേണ്ടാതാണ്

### 1.കവർപേജ്

- പരിശോധിച്ച5ഫയലുകളിൽ വാർഷിക മാസ്റ്റർസർക്കുലർ പ്രകാരമുള്ള കവർപേജ്ഞാണാൻ സാധിച്ചില്ല

### 2.ചെക്ലിസ്റ്റ്

- വർക്ക്ഫയലിൽസൂക്ഷിച്ചിരിക്കുന്നവിവരങ്ങളുടെപട്ടികയും, അവയുടെപേജ്നമ്പറുംരേഖപ്പെടുത്തേണ്ടചെക്ക്ലിലിസ്റ്റ്ഫയലിൽസൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച7ഫയലുകളിൽ കാണാൻ കഴിഞ്ഞില്ല

### 3.ആക്ഷൻ**പ്ലാൻ**

- ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയിക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ. കോപ്പി.ഗ്രാമസഭ നിർദ്ദേശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും . ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രവർത്തിതന്നെയാണോ നടപ്പിലാക്കിയത് എന്ന് മനസ്സിലാക്കുന്നതിനും ആക്ഷൻപ്ലാൻ കോപ്പിഉപകരിക്കുന്നു
- .പരിശോധിച്ച ഫയലുകളിൽ ഒന്നിൽ പോലും AMC പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിൻറെ കോപ്പി കാണാൻ സാധിച്ചില്ല.എന്നിരുന്നാലും തൊഴിലുറപ്പ് വിഭാഗം ഓഫീസിൽപഞ്ചായത്തിലെ മുഴുവൻ ആക്ഷൻ പ്ലാനും ബൈൻഡ് ചെയ്തു വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു
- ഇതിന്റെ ഒരു കോപ്പി ഫയലിൽ കൂടി സൂക്ഷികെണ്ടാതാണ്

### 4.എസ്റ്റിമേറ്റ്ഡിസൈൻആൻഡ്ഡ്രോയിങ്

- സാങ്കതേിക എസ്റ്റിമറേ്റ് പദ്ധതിയിൽ ഏറ്റടുെക്കുന്ന ഓരോ പ്രവർത്തിക്കും സംസ്ഥാന സർക്കാർ ചുമതലപ്പടെുത്തിയ അധികാര സ്ഥാനത്തിന്റ അനുമതിയോടുകൂടിയ സാങ്കതേിക എസ്റ്റിമറേ് ഉണ്ടായിരിക്കണേ്ടതാണ്. ഓരോ പ്രവർത്തിക്കും എസ്റ്റിമറേിന്റ സംക്ഷിപ്തം, ഡിസൈൻ, പ്രവർത്തിയുടെ പ്രതീക്ഷിത നട്ടേങ്ങൾ

വിശദീകരിക്കുന്ന സാങ്കതേിക കുറിപ്പ് തുടങ്ങിയവ ഉണ്ടായിരിക്കണേ്ടതും സക്ൈവർ സ◌ോഫ്റ്റ് വയെറിലൂടെ ഓൺലനൈായി അനുമതികൾ ലഭ്യമാക്കണേ്ടതുമാണ്

പരിശ◌ോധിച്ച ഫയലുകളില്ലാംഡീറ്റൈൽഡ്എസ്റ്റിമറേ്റ്ഉണ്ടായിരുന്നു....

ഒരുഫയലിലുംപ്ര◌ോജക്റ്റ്റിപ്പ◌ോർട്ട് ഉണ്ടായിരിന്നു ,ജനകീയഎസ്റ്റിമറേ്റ് പ്രവര്ത്തികളുടെ ഡ്ര◌ോയിങ് എന്നിവ ഉണ്ടായിരുന്നില്ല

**5.ഭരണാനുമതി**

- ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതി നൽകുന്ന അംഗീകാരമാണ് ഭരണാനുമതിപരിശോധിച്ച ഫയലുകളിൽ ഭരണാനുമതി കോപ്പി സൂക്ഷിച്ചിട്ടുണ്ട്

## 6.സാങ്കേതികാനുമതി

- പരിശ◌ോധിച്ച6ഫയലുകളിൽ സാങ്കതേികാനുമതി കവര്പ്പജ്സക്യ്ൈയൂറിൽ നിന്നടെുത്ത സാങ്കതേികനുമതിയുടെ ക◌ോപ്പി എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ബന്ധപ്പടെ്ട ഉദ്യ◌ോഗസ്ഥരുടെ ഒപ്പ്സീൽ തീയതി മുതലായവയും കാണാൻ സാധിച്ചു.

## 7.സംയോജിതപദ്ധതി(കൺവേർജൻസ്)

**പരിശോധിച്ച കനാൽവർക്കു കൾക്ക്**കൺവേർജൻസ് ബാധകമാണ്

ഫയലിൽ കൺവേർജൻസ് സൂചിപ്പിക്കുന്ന രേഖകല് സൂക്ഷിച്ചിരിക്കുന്നു

## 8.ഡിമാൻഡ്ഫോം

- **പരിശോധിച്ചതിൽ വെള്ളപേപ്പറിൽ കൂട്ടായി എഴുതി മേറ്റ്നെ ഏൽപ്പിച് ഫ്രണ്ട് ഓഫീസിൽ നൽകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത് . ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾക്കു രസീതിയും നൽകാറുണ്ട് വളരെ നല്ല ഡിമാൻഡ് രീതിയാണ്**

  പതി മൂന്നാം **വാർഡിൽ പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവൃത്തികളുടെ ഡിമാൻഡ്കണ്ടെത്തിയെങ്കിലും 'ഓരോ പ്രവർത്തിയുടെയും ഡിമാൻഡ് അതാത് ഫയലിൽ സൂക്ഷിക്കുന്നതായിരിക്കും അഭികാമ്യം.**

**9.വർക്ക്അലോക്കേഷൻഫോം**

- തൊഴിൽ ആവശ്യപ്പെട്ടവർക്കു തൊഴിൽ അനുവദിച്ചുകൊണ്ടുള്ള വർക്ക്അലോക്കേഷൻ ഫോം ഫയലില് കാണാന് സാധിച്ചില്ല

**10.ഇമസ്റ്റർ റോൾ**

- തൊഴിലാളികൾതൊഴിൽചെയ്യുന്നതീയതി, ദിവസംഉൾപ്പെടെഹാജർരേഖപ്പെടുത്തുന്നതിനുള്ളഅടിസ്ഥാനരേഖയാണ്ഇമസ്റ്റർ റോൾ.
ഇതിൽബ്ലോക്ക്ഡെവലപ്മെൻറ്ഓഫീസർ,പഞ്ചായത്ത്സെക്രട്ടറിഎന്നിവർഒപ്പും, സീലും രേഖപെടുത്തേണ്ടതാണ്. എന്നാൽ ഇ-മസ്റ്റർ റോളുകളിൽ ബ്ലോക്ക്ഡെവലപ്മെൻറ്ഓഫീസർ, പഞ്ചായത്ത്സെക്രട്ടറിഎന്നിവർ ഒപ്പും, സീലും രേഖപെടുത്തിയിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയതായി കാണാൻസാധിച്ചില്ല
.ഇതിൽ തൊഴിലാളികളുടെ ഒപ്പുകൾ, അവരുടെ തൊഴിൽദിനങ്ങൾ, .കൂലിഎന്നിവരേഖപ്പെടുത്തിയിട്ടുണ്ട്
**പരിശോധിച്ച വർക്ക് ഫയലുകളിലെ** മസ്റ്റർ റോളിൽതൊഴിലിന് ഹാജരാവുന്ന ദിവസം മുകളിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല, മസ്റ്റർ റോളുകള് ഒന്നും തന്നെ പൂര്ണമായി പൂരിപ്പിച്ചതായ് കാണാന് കഴിഞ്ഞില്ല വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു eg:34453,34454, 34456, 3445834460 ,കൂടാതെ ഡിമാൻഡ് ചെയ്ത് സ്ഥിരാമായി വരാതിരിക്കുന്നവർക്ക് വേണ്ട ബോധവൽകരണം നാൽകേണ്ടെതാണു അബ്സെൻ്റ് മസ്റ്റർ റോൾ eg6811,6812, 2829, 28132 28133 തുടങ്ങിയവ ഉദാഹരണം മാത്രം

- **Check leaf നോളം പ്രാധാന്യം വരുന്ന ഇ മസ്റെർ റോളിൽ ഉള്ള വെട്ടി തിരുത്തലുകൾ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.**

**11.മെഷർമെൻറ്പുസ്തകം (M Book)**

- എല്ലാഫയലുകളിലും M book ഉണ്ടായിരുന്നു.
- മെഷർമെൻറ്ബുക്കിൽ നമ്പർ പേജ്നമ്പർ ഇവരേഖപ്പെടുത്തിയിട്ടുണ്ട്
- AS,TS നമ്പർരേഖപ്പെടുത്തിയിട്ടില്ല. മസ്റ്റെർറോൾനമ്പർ , ഇല്ല.
- ഇതില് പ്രവർത്തിആരംഭിക്കുന്നതിനു മുമ്പുള്ള അളവും രേഖപ്പെടുത്തേണ്ടതാണ്.
- ബന്ധപ്പെട്ടഉദ്യോഗസ്ഥർഅതായത്ഓവർസിയർ, എൻജിനീയർഎന്നിവരുടെഒപ്പ്മെഷർമെന്റ് ബുക്കില് ഉണ്ടായിരുന്നുഎങ്കിലുംചിലയിടങ്ങളിൽഎല്ലാംതന്നെതീയതിരേഖപ്പെടുത്താതെഒപ്പിട്ടിരിക്കുന്നത്.

**12.മെറ്റീരിയൽലിസ്റ്റ്**

- മെറ്റീരിയൽരജിസ്റ്റർപരിശോധിച്ചതിൽകഴിഞ്ഞ 6 മാസത്തിൽ ഒരു പ്രവർത്തിയാണ്മെറ്റീരിയൽ ഉപയോഗിച്ച്ചെയ്യുവാൻ സാധിച്ചിരിക്കുന്ന.

പ്രവൃത്തികളുടെ മെറ്റീരിയൽവിവരങ്ങൾ മെറ്റീരിയൽ രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ട്.

## 13.വേജ് ലിസ്റ്റ്

- തൊഴിലാളികൾഎത്രദിവസംജോലിചെയ്യുഎന്നതിന്അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ടതുകഅതായത്കൂലി, ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക, മൂർച്ചകൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാംകാണിച്ചുകൊണ്ട് പണം കൈമാറുന്നതയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്
- മസ്റ്റർറോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് എല്ലാ ഫയലുകളിലും കാണാൻ കഴിഞ്ഞില്ല

## 14.മസ്റ്റർറോൾ /ഫയൽമാറ്റസ്ലിപ്പുകൾ

- ഒരുമസ്റ്റർറോൾഅവസാനിച് 3 ദിവസത്തിനകം തന്നെ അളവുകൾ ബന്ധപ്പെട്ട ഉദ്യാഗസ്ഥൻ രേഖപ്പെടുത്തണംഎന്ന്നിയമം അനുശാസിക്കുന്നു.അളവുകളിൽ ക്രമക്കേടുകൾ ഉണ്ടായാലോ, ഉപയോഗിക്കുന്ന മെറ്റീരിയലിന്റെ ക്വാളിറ്റിയിൽ നിലവാരം കുറയ്ക്കുകയോ, ഉയർന്നഎസ്റ്റിമേറ്റ്കാണിക്കുകയോചെയ്യുന്നത്നിയമവിരുദ്ധമാവുകയുംസെക്ഷൻ 25 അനുശാസിക്കുന്ന ശിക്ഷക്ക് വിധേയമാവേണ്ടിവരുകയുംചെയ്യും.
- 5ഫയലുകളിലും ഫയൽട്രാക്കിംഗ്ഫോം അഥവാ മസ്റ്റർറോൾമൂവ്മെൻറ്സ്ലിപ്പ് ഫായലുകളില് ഉണ്ടായിരുന്നു.

15. മെറ്റീരിയൽവൗച്ചർബിൽ

- പരിശോധിച്ച 1പ്രാവ്ർത്തിക്കു മെറ്റീരിയൽ ബില്ലുകൾ സൂക്ഷിച്ചിട്ടുണ്ട്സിറ്റിസൺ ഇൻഫർമേഷൻ ബോര്ട് 5പ്രവ്ർത്തികൾക്ക് എസ്റ്റിമാറ്റിൽവച്ചിരുന്നെങ്കിലും 2 പ്രവ്ർത്തികൾക്കാത്രമാണ് ബോർഡ് സ്ഥാപിച്ചിട്ടുള്ളത്

**16.ഫണ്ട്ട്രാൻസ്ഫർഓർഡർ(FTO)'**

- **പരിശോധിച്ച ഫയലുകളില് ഫണ്ട്ട്രാൻസ്ഫർഓർഡർ(FTO)' ഹാര്ഡ് കോപ്പി സൂക്ഷിച്ചിട്ടുണ്ട്**

**17. റോയൽറ്റി**

- പരിശോധന വിധേയമാക്കിയ ഒരു വർക്ക് ഫയലിലും റോയൽറ്റി ബാധകമല്ല

**18.ഫോട്ടോഗ്രാഫ്**

- പ്രവർത്തിതുടങ്ങുന്നതിനുമുമ്പ്പ്രവർത്തിനടന്നുകൊണ്ടിരിക്കുമ്പോള്, പ്രവർത്തിപൂർത്തീകരിച്ചുകഴിയുമ്പോള് തുടങ്ങിയഓരോഘട്ടത്തിലെയുംഫോട്ടോകൾഫയലിൽസൂക്ഷിക്കണമെന്നു നിഷ്കർഷിച്ചിരിക്കുന്നു
- ഇത്തരത്തിലുള്ള ഒരു ഘട്ടത്തിലുള്ള ഫോേട്ടോയുടെ ബ്ലാക്ക് ആന്ഡ് വൈറ്റ് ഫോേട്ടോ കോപ്പി സൂക്ഷിച്ചിട്ടുണ്ട് പിന്നീടുള്ള വിവിധ ഘട്ടങ്ങളിലെ ഫോട്ടോകളുംഒന്നും തന്നെ പൊതുപ്രവൃത്തികളിൽ കാണാൻ സാധിച്ചില്ല.

19 **.<u>ജിയോടാഗ്ഡ്ഫോട്ടോസ്</u>**

- പ്രവർത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോയോടാഗ്ഡ്ഫോട്ടോസ്. എന്നാൽ ഇവ പരിശോധനയ്ക്ക് വിധേയമാക്കിയ ഒരു ഫയലിൽ പോലും കാണാൻ സാധിച്ചില്ല.

**<u>20പ്രവൃത്തിപൂർത്തീകരണസാക്ഷ്യപത്രം</u>**

- പരിശോധിച്ച5ഫയലിൽ പ്രവ്ർത്തി പൂർത്തികരണ സാക്ഷ്യപത്രം കാണാൻ കഴിഞ്ഞില്ല

**21. സോഷ്യൽഓഡിറ്റ്റിപ്പോർട്ട്**

- എഎംസി പ്രകാരമുള്ള സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നത് ഇപ്പോഴാണ്.

**22.സൈറ്റ്ഡയറി**

- സംസ്ഥാനസർക്കാരിന്റെനിർദ്ദേശപ്രകാരംവർക്ക്ഫയലിൽസൂക്ഷിക്കേണ്ട 22 മത്തെരേഖയാണ് സൈറ്റ് ഡയറി.
- **പരിശോധനയ്ക്ക് വിധേയമാക്കിയ പൊതു പ്രവൃത്തികൾ 3എണ്ണത്തിന് സൈറ്റ് ഡയറി സൂക്ഷിച്ചിരുന്നു. 2 പ്രവര്ത്തിയുടെ ഫയലുകള്ക്ക് സൈറ്റ് ഡയറി കാണാന് കഴിഞ്ഞില്ല**
- സൈറ്റ്ഡയറിയുടെ കവർപേജിൽ പ്രവർത്തിയെ കുറിച്ചുള്ള
- പ്രാഥമികവിവരങ്ങൾഏതൊരുവ്യക്തിക്കുംമനസ്സിലാക്കാൻപറ്റുന്ന രീതിയിൽഉണ്ടാകേണ്ടതാണ്.പ്രവർത്തിആരംഭിക്കുന്നദിവസംപ്രവർത്തിഅവസാനതീയതിഎസ്റ്റിമേറ്റ്തുക,പ്രവൃത്തി ദിനങ്ങൾ ,എന്നിവ കവർപേജിൽ ഉണ്ടായിരുന്നു.
- പണിസ്ഥലത്തെസൌകര്യങ്ങളുടെലഭ്യതഅടങ്ങിയചെക്ക്ലിസ്റ്റ്പൂർണമായും പൂരിപ്പിച്ചിരുന്നില്ല..
- സൈറ്റ് ഡയറി യുടെ ഒരു ഭാഗമാണ് പ്രോജക്റ്റ്ഇനീഷ്യൽമീറ്റിങ്ങ്.ഒരുപ്രവൃത്തിതുടങ്ങുന്നതിനു മുമ്പ്പ്രവർത്തിയെക്കുറിച്ചുള്ളവിവരങ്ങൾപങ്കുവയ്ക്കുന്ന

തുംഅതുപോലെഒരുപ്രവർത്തിഎങ്ങനെചെയ്യണമെ ന്ന്തൊഴിലാളികൾക്ക്കൃത്യമായഅവബോധംഉണ്ടാക്കിഎ ടുക്കുന്നതിനുംവാർഡ്മെമ്പർ, സ്റ്റാഫ് എന്നിവരുടെഅധ്യക്ഷതയിൽകൂടുന്നയോഗമാണ്പദ്ധതി ആരംഭമീറ്റിങ്ങ്.പരിശോധിച്ച്ഫയലുകളിൽ 2എണ്ണത്തിന് *ഉള്ളസൈറ്റ്ഡയറിയിൽ*എല്ലാംമേൽപറഞ്ഞഅധികാരികളുടെ സാന്നിധ്യത്തിൽപദ്ധതിആരംഭമീറ്റിംങ്ങ് നടത്തിയതായിബോധ്യപ്പെട്ടു.എന്നാല് അതില് ഒരണ്ണെത്തില് ആരും ഒപ്പ് രഖേപ്പടുെത്തിയതായി കണ്ടില്ല. അതുപ ോലെ പണി ആയുധങ്ങളുടെ വാടക നല്കിയുട്ടണ്ടെങ്കിലും ഏതുതരം ആയുധം ഉപയ ോഗിച്ച് എന്നു രഖേ പ്പടുെത്തിയിട്ടില്ല പ്രാവ്ര്ത്തി എല്ഡ്1/324188 തരൂര് വാലറ്റം പാടശഖേരം മണ്ണ് കയാല

- സൈറ്റ് ഡയറി യുടെ ഒരു ഭാഗമാണ് വിജിലൻസ്ആൻഡ്മോണിറ്ററിങ കമ്മിറ്റി.വിജിലൻസ്ആൻഡ്മോണിറ്ററി കമ്മിറ്റി യുടെറിപ്പോർട്ട്ഉണ്ടായിരുന്നെങ്കിലുംഅഭിപ്രായങ്ങൾരേഖ പ്പെടുത്തിയിട്ടുണ്ടയിരുന്നില്ല.ഓരോവാർഡിലെപ്രവർത്തന ങ്ങളെനിരീക്ഷിക്കുന്നതിനുംകൂടുതൽമെച്ചപ്പെടുത്തുന്നതി നുമായികാര്യക്ഷമമായപ്രവർത്തിക്കേണ്ടവരുമാണ്വി.എം. സിയിൽഅംഗങ്ങൾആയിരിക്കേണ്ടത്.
- സൈറ്റ് ഡയറി മറ്റൊരു ഒരു ഭാഗമാണ് സന്ദർശകകുറിപ്പ്:
- പ്രവൃത്തിയുടെഓരോഘട്ടങ്ങളിലുള്ളപുരോഗതിവിലയിരു ത്തുന്നതിനും, തൊഴിലാളികളുടെപ്രശ്നങ്ങൾമനസ്സിലാക്കുന്നതിനും, പദ്ധതിനിർവഹണഏജൻസിയുടെഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, VMC അംഗങ്ങൾഎന്നിവർപ്രവൃത്തിനടക്കുമ്പോൾസ്ഥലസന്ദർശ നംനടത്തേണ്ടതാണ്. സൈറ്റ്ഡയറികളിൽ, സന്ദർശകരുടെപേരും,ഒപ്പും, രേഖപ്പെടുത്തിയിരുന്നെങ്കിലും, കുറിപ്പ്ഉണ്ടായിരുന്നില്ല.
- സൈറ്റ് ഡയറി യിൽ ഉണ്ടായിരികേണ്ട മറ്റൊരു പ്രധാനപെട്ട ഭാഗമാണ് തൊഴിലാളികളുടെസാക്ഷിപത്രം ,മസ്റ്റർറോളിൽഒപ്പുവെച്ചതൊഴിലാളികൾപ്രവൃത്തിചെയ്തു എന്നും, മേറ്റ്മേൽനോട്ടംവഹിച്ചുഎന്നുംതെളിയിക്കുന്ന ആധികാരിക രേഖയാണ്സാക്ഷിപത്രംപരിശോധിച്ച്ഫയലുകളിൽഉള്ള സൈറ്റ്ഡയറിയിൽഎല്ലാംതൊഴിലാളികൾസാക്ഷ്യപ്പെടുത്തി യിരുന്നു.

## 10.പ്രവർത്തികളുടെപരിശോധനവിവരണം

| | |
|---|---|
| **1.പ്രവൃത്തിയുടെ പേര്** | **പാർശ്വവൽകരിക്കപ്പെട്ട കുടുംബങ്ങൾക്ക് ഹരിത വേലി നിർമാണം DP/270369** |
| **എസ്റ്റിമേറ്റ് തുക** | **500000** |
| ചിലവായ തുക | 480975 |
| പ്രവർത്തി ആരംഭിച്ച തീയതി | **07.08.18** |
| പൂർത്തീകരിച്ച തീയതി | **28.12.18** |
| തൊഴിൽ ദിനങ്ങൾ | 1749 |

**Mbook മേഷർമ്സ് : 2000 meeter length (270 m cube) earth work + clearing 85750 meeter square**

പ്രവർത്തി സ്ഥലം സന്ദർശിച്ചപ്പോൾ 2000മീറ്ററോളം നീളത്തിൽ നിർമിച്ചിരിക്കുന്ന വേലി സംരക്ഷണം ചെയ്യിട്ടുണ്ടെങ്കിലും പലയിടത്തും വേലി തകർന്നിരിക്കുന്നു ഈ പ്രവർത്തിയുടെ കൂട്ടത്തിൽ ചെയ്ത മണ്ണ് ബണ്ടുകൾ കാണാൻ കഴിഞ്ഞു എന്നാൽ ശക്തമായി പെയ്ത മഴ യിൽ പകുതിയും തകർന്നു പോയിരിക്കുന്നു എന്നാൽ എസ്റ്റിമേറ്റിലും M BOOK ലും പ്രസ്താവിക്കാത്ത മഴകുഴി ഇക്കൂട്ടത്തിൽ എടുത്തിരിക്കുന്നു താഴെ പറയുന്ന ഭൂ ഉടമകളുടെ സ്ഥലത്തിൽ

1. 13/60 കുഞ്ഞിലക്ഷ്മി സർവേ നമ്പർ 374/12 18മഴകുഴി
2. 13/8 കദീജ സർവേ നമ്പർ 267/7 4 മഴകുഴി
3. 13/144 വിമല സർവേ നമ്പർ 338/20 8 മഴകുഴി
4. 13/457 റംലത്ത് സർവേ നമ്പർ 370/21 3 മഴകുഴി

കൂടാതെ മണ്ണ് ബണ്ടുകൾ (എർത്ത് വർക്ക്), 250മീറ്റർ MBOOK ൽ പറയുന്ന 13/47 ജാനകി സർവേ നമ്പർ332/13 എന്നയാളുടെ സ്ഥലത്തു 8 മീറ്റർ ബണ്ട് മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ അതിനു പകരം 13/46 ചിന്ന എന്ന തൊഴിലാളിയുടെ സ്തലത്താണ് 8മീറ്റർ നീളത്തിൽ ബണ്ടുകൾ എടുത്തിരിക്കുന്നത് ആയതിനാൽ 33 മഴകുഴികൾക്കു 33X1.5X1.5X1 പ്രകാരം 74.25മീറ്റർ ക്യൂബ് നു 122.22 രൂപ പ്രകാരം 9074 രൂപയുടെ പൊതു ധനം എസ്റ്റിമേറ്റിൽ പറയാത്ത പ്രവർത്തിക്ക് ചിലവഴിചുട്ടുണ്ട് .

**ജൈവവേലി എന്നു പൂർണമായും പറയാൻ കഴിയില്ല വേലി നിർമിച്ചിരിക്കുന്നത് ചെമ്പരത്തി സീമകൊന്ന പ്രകൃത്യാലുള്ള സസ്യങ്ങൾ.എന്നിവ വച്ചതായാണ് കാണാൻ കഴിഞ്ഞത് എസ്റ്റിമേറ്റിൽ പറഞ്ഞ ജൈവവേലി എന്താണ് എന്നതിന്റെ ബോധ്യാത്തോടെയല്ല വേലി നിർമിക്കപ്പെട്ടിട്ടുള്ളത്.**
സീറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില

**2 പ്രവൃത്തിയുടെ പേര്** **പാർശ്വവൽകരിക്കപെട്ട കുടുംബങ്ങൾക്ക് മഴകുഴി നിർമാണം**

**കുളകാടു പ്രദേശം** **WC/325587**

**എസ്റ്റിമേറ്റ് തുക** **500000**

ചിലവായതുക : 297825

പ്രവർത്തി ആരംഭിച്ച തീയതി : 15.01.2019

പൂർത്തീകരിച്ച തീയതി : 25.03.2019

തൊഴിൽ ദിനങ്ങൾ : 1083

**Mbook മേഷർജ് Rainpit 358nox 1.5mx1.5mx1. m**

358 മഴകുഴികള് എസ്റ്റിമാറ്റില് പറയുന്ന പ്രവര്ത്തിയുടെ mbookil 174 മഴകുഴികള് എടുത്തിരിക്കുന്നു

**എന്നാൽ 704 മഴ കുഴികൾഎടുത്തതായി ഭൂ ഉടമകൾ സാക്ഷ്യപ്പെടുത്യരിക്കുന്നു പ്രവർത്തി സ്ഥല പരിശോധനയിൽ 424 കുഴികൾ എടുത്ത അബ്ദുൽകദറിന്റെ (ജോബ് കാർഡ് 13/184 ) പറമ്പിലെ മുഴവൻ മഴകുഴികളും പെയ്ത മഴയിൽ ഗായത്രി പുഴ കവിഞ്ഞു ഇല്ലാതായിരിക്കുന്നു എന്നാൽ പ്രളയം ബാധിക്കാത്ത പ്രദേശത്തെ പ്രദേശങ്ങൾ സന്ദർശിച്ചതിൽ**

**1. 13/30 ചാമുകുട്ടൻ സർവേ നമ്പര് 336/2 , 219/3 15 കുഴി എടുത്തതായി mbookil പറയുന്നു എന്നാല് 3കുഴിയാണ് കാണാന് സാധിച്ചത്**

**2.13/54 പാങ്ങോലന് സർവേ നമ്പര് 336/22, 334/6, mbookil 50 കുഴി പറയുന്നു എന്നാല് 8 മീറ്റര് നീളത്തില് 14 മണ്ണ് ബണ്ടുകളാണ് കാണാന് കഴിഞ്ഞത്**

**3. 13/23 ദാമോദരന് സര്വേ നമ്പര് 7/26 mbookil 8മഴ കുഴി പറയുന്നു 2 എണ്ണം കാണാന് കഴിഞ്ഞത്**

എസ്റ്റിമാറ്റിലും **mbookil ലും പറഞ്ഞിരിക്കുന്നതിനെക്കാള് 530 കുഴികള് തൊഴിലാളികള് എടുത്തിരിക്കുന്നു ആയതിനാല് 122രൂപ പ്രകാരം 530 മഴകുഴികള്ക്ക് 64660 രൂപയുടെ അദ്ധ്വാനവും കൂലിയും തൊഴില് ദിനങ്ങളും തൊഴിലാളികള്ക്ക് നഷ്ടമായിരിക്കുന്നു** . സീറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില

**3. പ്രവൃത്തിയുടെ പേര്** തരൂര് വാലറ്റം **പാടശേഖര** സമിതി **കൃഷിഭൂമിയിൽ മണ്ണ് കയ്യാല നിർമാണം LD/324188**

**എസ്റ്റിമാറ്റ് തുക** **500000**

ചിലവായതുക : 275275

പ്രവർത്തി ആരംഭിച്ച തീയതി 02.11.**2018**

പൂർത്തീകരിച്ച തീയതി **23.11.2018**

തൊഴിൽ ദിനങ്ങൾ 1001

**Mbook മേഷർ്ഴ്സ് : Earthernbund: 80085mx1.5m average**

7688**മീറ്റർ** **നീളത്തില് ചയ്െത മണ്ണ് കായലകള് മുഴവനായും അളന്നു എടുക്കാന് കഴിഞ്ഞില്ല കാരണം അതിശക്തമായി പയ്െത മഴയില് ഗായത്രി പുഴ കവിഞ്ഞു വള്ളം കയറി പല ബണ്ടുകളും തകര്ന്നിരിക്കുന്നു നിലവിലുള്ള ബണ്ടുകള് നല്ല രീതിയില് mbookil പറഞ്ഞ വീതിയില് നിര്മിച്ചിരിക്കുന്നു.** സീറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില

*** എസ്റ്റിമാറ്റില് തരൂര് വാലറ്ം പാടശേഖര 12525 മീറ്റര് മന്വരംബുകള് ആണെന്ന് പാടശഖേരത്തിന്റെ ആകെ ഹക്ടെര് എടുത്താണ് സ്ഥാപിച്ചിരിക്കുന്നത് ഇത്തരത്തിലുള്ള എസ്ടിമാറ്റ് നിര്മാണം പുനപരിശോധിക്കപ്പടെണേ്ടതുണ്ട്**

**4.പ്രവൃത്തിയുടെ പേര്** **തരൂര് ബ്രാഞ്ച്കനാല് ഇടിയുന്ന ഭാഗത്ത് കയര് ഭൂവസ്ത്രം ഉപയോഗിച്ച് പാര്ശ്വഭിത്തി സംരക്ഷണം മണ്ണടെുത്ത് ജലസചേ ന സൌകാര്യംവര്ദ്ധിപ്പിക്കലും IC/213203**

**എസ്റ്റിമാറ്റ് തുക** **250000**

ചിലവായ 231000

പ്രവർത്തി ആരംഭിച്ച തീയതി **25.09.18**

പൂർത്തീകരിച്ച തീയതി **08.10.18**

തൊഴിൽ ദിനങ്ങൾ : **840**

**Mbook മേഷർ്ഴ്സ് 3250mlx1.2m w (earthwork)+clearing12600 sqm**

മേൽപ്പറഞ്ഞ പ്രവർത്തി ഫീൽഡിൽപരിശോധിച്ചപ്പോൾ പ്രവർത്തി സ്ഥലം 3250 meeter കനാല് സംരക്ഷണം കാണുവാനയീ കനലിന്റെ ഇരു വശങ്ങളിലുമുള്ള കാടു വടെ്ടലും പുല്ലു ചത്തെലും നടന്നിട്ടുണ്ട് പ്രവർത്തി വളരെ നല്ല രീതിയിൽ തന്നെ ചെയ്തതായി കാണുന്നുഎന്നാൽ കനാലില് നിന്നും .30cm കനാലിനകത്തു നിന്നു മണ്ണടെുത്തതായി കണ്ടിട്ടില്ല എന്നു പരിസരവാസികളായ ആണ്ടി, ദാസന് എന്നിവര് പറയുന്നു വലയിടത്തും മണ്ണൊലിപ്പിനാൽ കനാലില് വീണ്ടും മണ്ണടിഞ്ഞിരിക്കുന്നു. സീറ്റിസൺ ഇൻഫർമേഷൻ ബോർഡ് നല്ല രീതിയില് പ്രവർത്തി സ്ഥലത്തു സ്ഥാപിച്ചിട്ടുണ്ട് .പക്ഷേ ബോർഡിൽ എസ്റ്റിമാറ്റ് തുക ഉണ്ടെങ്കിലും ചിലവായ തുക രേഖപ്പെടുത്തിയിട്ടില്ല

**5.പ്രവൃത്തിയുടെ പേര് -** **കോഴിക്കാട് ചക്കെ് ഡാം മുതല് കുളകാടു ഗായത്രി പുഴ സംരക്ഷണവും വശങ്ങളില് വൃക്ഷ തയൈുകള് വചെ്ചു പിടിപ്പിക്കലും WC/298750**

എസ്റ്റിമാറ്റ് തുക 200000

ചിലവായ തുക - 191675

പ്രവർത്തി ആരംഭിച്ച തീയതി - :**19.02.9**

പൂർത്തീകരിച്ച തീയതി- : **:11.03.19**

തൊഴിൽദിനങ്ങൾ - : **697**

**Mbook മേഷർള് 3400ml clearing (20m w+25 mw)/2+ earthwork 600mlx1.5bx.3d(270mcube)+ brushwood** checkdam 3no across river

**മേൽപ്പറഞ്ഞ** പ്രവർത്തി **ഫീൽഡിൽ പരിശോധിച്ചപ്പോൾ**കാണാന് സാധ്യമായില്ല കാരണം അതിശക്തമായി പയ്തെ മഴയില് ഗായത്രി പുഴ കരകവിഞ്ഞു ഒഴുകിയിരിക്കുന്നു ചയ്തെ പ്രവര്ത്തികള് ഒഴുക്കില് തകര്ന്നിരിക്കുന്നു. എന്നാല് ജന്മന് രഖേ ആപ്ലികഷേന്നില് നിര്മാണം നടന്നതായി ഭുവന് ആസ്തി നിര്മാണ ഭൂപടത്തില് കാണാന് കഴിഞ്ഞു

**6.പ്രവൃത്തിയുടെപേര്-** ശ്രീ കുറുംബകാവ് മുതല് ചപ്പെപാട്ടില് പാടം ആയുര്വദേ ആശുപത്രി ipp വരെ കാട കനാല് മണ്ണടെുത്ത് ജലസചേന സൌകാര്യം IC/214698

വര്ദ്ധിപ്പിക്കലും

എസ്റ്റിമാറ്റ് തുക 215000

ചിലവായതുക- 209275

പ്രവർത്തിആരംഭിച്ചതീയതി - **11. 10. 2018**

പൂർത്തീകരിച്ചതീയതി- **24.10.2018**

തൊഴിൽദിനങ്ങൾ - **761**

**Mbook മേഷർള് 2250ml x .45cmb + 18218msquare clearing**

**മേൽപ്പറഞ്ഞ ഫീൽഡിൽ പരിശോധിച്ചപ്പോൾ 2350മീറ്ററോളം എസ്റ്റിമേറ്റിൽ പറയുന്ന കാടാ കനാൽ** പലയിടത്തും മണ്ണ് നല്ല രീതിയില് നിര്മാര്ജനം നടന്നതായി കണ്ടു അളക്കാന് **ആവാത്ത വിധമാണ്നിലവിലുള്ളത്കനാലിൽ നിന്നും മണ്ണെടുത്ത്കനാലിന്റെ ഇരു വശങ്ങളിലുമായിനിക്ഷേപിച്ചതയാണ് mbookil പറയുന്നത്നിലവിൽ പെയ്ത മഴയിൽ വീണ്ടും മണ്ണ്കനാലിലേ**ക്കു ഒഴുകിയതെ്തിരിക്കുന്നു **അളവ്എടുക്കൽ പ്രായോഗികമല്ല വീതിmbookilപറയുന്ന 45 cmസെൻറീമീറ്റർ തന്നെയാണ് .**സീറ്റിസണ് ഇന്ഫര്മഷേന് ബോര്ഡ് സ്ഥാപിച്ചിട്ടിട്ടുണ്ട് പക്ഷേ പയ്തെ മഴയില്

വിവരങ്ങ്ങള് എല്ലാം മാഞ്ഞുപോയിരിക്കുന്നു

## 11.CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് Para 25(a), schedule 1 അനുസരിച്ച് ഒരു പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ അതായത് എസ്റ്റിമേറ്റ് തുക സാധന വേതന ഘടകങ്ങൾ യഥാർത്ഥ ചെലവ് തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്..ഈ ബോർഡ് സ്ഥാപിക്കേണ്ടത് ഓരോ പ്രവർത്തിയുടെയും ആരംഭഘട്ടത്തിൽ ആണ്. ഓരോ പ്രവർത്തിക്കും അനുസൃതമായി നിഷ്കർഷിച്ചിട്ടുള്ള അളവുകളിൽ ഉള്ള ബോർഡുകൾ സിമൻറ്ഉം കോൺക്രീറ്റും ഉപയോഗിച്ച് നിർമ്മിച്ച് സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. ഇരുമ്പ് ,ടിൻ ,ഫ്ളക്സ്ഷീറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള ബോർഡുകൾ സ്ഥാപിക്കുന്നത് നിയമവിരുദ്ധമാണ്. നിർമ്മാണച്ചെലവ് വ്യക്തിഗത പ്രവർത്തികൾക്ക് 3000 രൂപയും പൊതു പ്രവർത്തികൾക്ക് 5000 രൂപയും ആണ് പരമാവധി ചിലവ് എന്നാണ് ആനുവൽ മാസ്റ്റർ സർക്കുലർ നിഷ്കർഷിക്കുന്നത്. സിഐബി അടങ്ങുന്ന ഒരു ഫോട്ടോ വർക്ക് ഫയലിൽ ഉൾപ്പെടുത്തണം എന്നത് നിർബന്ധമാണ്.–

പരിശോധനയ്ക്ക് വിധേയമായ തൊഴിൽ ഇടങ്ങളിൽ 4ടത്ത് CIB സ്ഥാപിച്ചതായി കണ്ടിരിന്നില്ല.2ടത്ത് കാണാൻ കഴിഞ്ഞു

### 12.റോസ്ഗാർദിനം

തൊഴിൽആവശ്യകതകൃത്യമായിരജിസ്റ്റർചെയ്യുന്നതിനുംതൊഴിലാളികളുടെഅർഹതകളുംഅവകാശങ്ങളും അവരെബോധ്യപ്പെടുത്തുന്നതിനുംപദ്ധതികൾപരിഹരിക്കുന്നതിനുമായിറോസ്ഗാർദിനംസംഘടിപ്പിക്കേണ്ടതാണ്.റോസ്ഗാർദിനംആചരിക്കുന്നതിനുമുൻപായിവിവരവിദ്യാഭ്യാസവ്യാപനപ്രവർത്തനങ്ങൾസംഘടിപ്പിക്കുന്നുണ്ട്എന്ന്ജില്ലാപ്രോഗ്രാംകോഡിനേറ്റർഉറപ്പുവരുത്തേണ്ടതാണ്.റോസ്ഗാർകലണ്ടർസംബന്ധിച്ച്ഗ്രാമപഞ്ചായത്തുകളെപ്രത്യേകമായിബോധവൽക്കരിക്കേണ്ടതാണ്.റോസ്ഗാർദിനംസംഘടിപ്പിക്കുന്നതിൻറെചുമതലകളുംഉത്തരവാദിത്വങ്ങളുംസംസ്ഥാനസർക്കാർജില്ലാപ്രോഗ്രാംകോഡിനേറ്റർരൂപീകരിച്ചിട്ടുള്ളപ്രതിമാസപട്ടികഅനുസരിച്ച്തന്നെറോസ്ഗാർദിനംസംഘടിപ്പിക്കുന്നുഎന്ന്ജില്ലാപ്രോഗ്രാംകോർഡിനേറ്റർഉറപ്പുവരുത്തേണ്ടതാണ്. ഈപട്ടികഗ്രാമവികസനമന്ത്രാലയവുമായുംപൊതുജനങ്ങളുമായുംപങ്കുവെക്കേണ്ടതുംഒരുമാസത്തിലൊരിക്കൽഗ്രാമപഞ്ചായത്ത്തലത്തിൽസംഘടിപ്പിക്കേണ്ടതാണ്.ഗ്രാമപഞ്ചായത്ത്പ്രസിഡൻറ്നിയോഗിക്കപ്പെട്ടഗ്രാമപഞ്ചായത്തിലെഭാരവാഹിദിനാചരണത്തിൽഅധ്യക്ഷതവഹിക്കേണ്ടതാണ്.ഇത്നടത്തുന്നതിനുംനടപടിക്രമങ്ങൾരേഖപ്പെടുത്തുന്നതിനുള്ളസ്വയംസഹായസംഘങ്ങളുടെഫെഡറേഷൻഅംഗങ്ങൾഎന്നിവർക്കാണ്.

റോസ്ഗാർദിനംആചരിക്കുന്നത്നിശ്ചയിക്കപ്പെട്ടിട്ടുള്ളദിവസംനടത്തുന്നതിനായിഉദ്യോഗസ്ഥരെനിയോഗിക്കേണ്ടതാണ്.ഈയോഗത്തിൽമിനിറ്റ്സ്പൊതുജനങ്ങൾക്ക്പരിശോധിക്കുന്നതിനുംസോഷ്യൽഓഡിറ്റിനുംലഭ്യമാക്കേണ്ടതുണ്ട്. സംസ്ഥാനസർക്കാർദിനംസംഘടിപ്പിക്കുന്നത്സംബന്ധിച്ചറിപ്പോർട്ടുകൾശേഖരിക്കുന്നതാണ്. സംസ്ഥാനസർക്കാർതൊഴിൽആവശ്യകതസംബന്ധിച്ച്ജില്ലാതലറിപ്പോർട്ടുകൾപതിവായിഅവലോകനംചെയ്യേണ്ടതാണ്

## 13.വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി

ഓരോ ഗ്രാമപഞ്ചായത്തിലും അഞ്ച് അംഗങ്ങളുള്ള ജാഗ്രത മേൽനോട്ട സമിതി രൂപീകരിക്കേണ്ടതാണ്. ഇതിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകേണ്ടതും പകുതി പേർ സ്ത്രീകൾ ആയിരിക്കേണ്ടതുമാണ്. അദ്ധ്യാപകർ അംഗനവാടി വർക്കർ സ്വയം സഹായ സംഘത്തിലെ അംഗങ്ങൾ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർ ഉപഭോക്തൃ സമിതികൾ യുവജന ക്ലബ്ബുകൾ പൊതു സമൂഹ സംഘടനകൾ തുടങ്ങിയവരിൽ നിന്നും VMC അംഗങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ് ഏറ്റവും കുറഞ്ഞ

കാലയളവിലേക്ക് VMC യെ നിയമിക്കേണ്ടത് ഗ്രാമസഭയാണ്. പ്രവർത്തി സ്ഥല സന്ദർശനം തൊഴിലാളികളുമായി ആശയവിനിമയം നടത്തൽ ,രേഖകളുടെ പരിശോധന ,പ്രവർത്തി സ്ഥല സൗകര്യങ്ങളുടെ പരിശോധന ,പ്രവർത്തികളുടെ ഗുണനിലവാരം നിർണയിക്കൽ, തുക നിർണയം പ്രവർത്തിയിൽ ഉടനീളമുള്ള റിപ്പോർട്ടിംഗ് പ്രവർത്തിയുടെ സ്വഭാവത്തെ സംബന്ധിച്ചുള്ള ഗുണപരമായ വിലയിരുത്തൽ എന്നിവയാണ് പ്രധാന ചുമതല. VMC എല്ലാ പ്രവർത്തികളും പരിശോധിക്കേണ്ടതും മൂല്യ നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സോഷ്യൽ ഓഡിറ്റ് സമയത്ത് അവ ഗ്രാമസഭയിൽ സമർപ്പിക്കേണ്ടതുമാണ് VMC റിപ്പോർട്ട് ഒരു പൊതു രേഖയായി കരുതേണ്ടതും ആവശ്യപ്പെടുന്നതിനനുസരിച്ച് ഒരു പൊതു രേഖയായി പഞ്ചായത്ത് നിന്നും ലഭിക്കേണ്ടതുമാണ്.

| Sn | Name | Designation |
|---|---|---|
| 1 | ശശി | പാടശഖേര സക്രെറ്ററി |
| 2 | യശേോദ | തൊഴിലുറപ്പ് തൊഴിലാളി |
| 3 | വലോയുധന് | തൊഴിലുറപ്പ് തൊഴിലാളി |
| 4 | സഹദവേന് | കര്ഷകന് |
| 5 | അബ്ദുള് കരീം | കര്ഷകന് |

ഇത്രയും പേർ വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ ആക്ടിവായി ഉണ്ടെങ്കിലും നിലവിൽ തൊഴിലുറപ്പ് പ്രവർത്തി ചെയുന്നവർ ത്തന്നെയാണ് അംഗങ്ങൾ ആയു ള്ളത്.അതുകൊണ്ട് വി.എംസി.പുന:സംഘടിപ്പിക്കേണ്ടതുണ്ട്

സോെഷ്യല് ഓഡിററ് ഗ്രാമസഭയുടെ തീരുമാനങ്ങള്

• എല്ലാ തൊഴിലാളികളുടെ യും പത്തു അവകാശങ്ങള് സംരക്ഷികുവനുള്ള എല്ലാ നടപടി ക്രമങ്ങളും ,പഞ്ചായത്തിന്റെ ഭാഗത്തുനിന്നും തൊഴിലുറപ്പ് ഭാഗത്തുനിന്നും ഉണ്ടാകും എന്ന്

തീരുമാനമായി

. തൊഴിലുറപ്പു പദ്ധതികൾ കണ്ടത്തെുമ്പോൾ പഞ്ചായത്തിൻറെ പ്രാദേശികമായ പ്രത്യകേത കണക്കിലടെുക്കുകയും കാർഷിക കലണ്ടർ അനുസരിച്ച് ആസൂത്രണം ചയ്യെണമന്നെും തീരുമാനമായി

• Amc പ്രകാരം ഇനി മുതലുള്ള എല്ലാ വര്ക്ക് ഫയലും ,ഏഴു രജേിസ്ററുകളും സൂക്ഷിക്കാം എന്ന് തീരുമാനമായി

• പ്രവൃത്തി ഇടങ്ങളില് എല്ലാം CIB സ്ഥാപിക്കാന് തീരുമാന മായി.

• VMC പുനസംഘടിപിക്കാനും വാര്ഡ് തല പ്രവര്ത്തനങ്ങളില്സജീവ മക്കുവാനും തീരുമാനിച്ചു.

.തൊഴിൽ കാർഡിനുള്ള ഫോട്ടോ സൗജന്യമായി തന്നെ നൽകണമെന്ന് തീരുമാനമായി

തൊഴില് ചയെുന്ന സമയത്ത് അപകടം സംഭവിച്ച സത്യഭാമ എന്ന തൊഴിലാളിയുടെ ചികിത്സാ ചിലവുകള് ബില്ലുകള്

കിട്ടുന്നതനുസരിച്ച്അനുവദിക്കുന്നതിനുള്ള നടപടികള് സ്വീകരിക്കാം എന്നു എന്ആര്ഇജിഎസ് വിഭാഗം ഉറപ്പ് നല്കി

കാളുകുട്ടി എന്ന തൊഴിലാളിയുടെ തൊഴിലിടത്തെ  മരണവുമായി ബന്ധപ്പെട്ടു ലഭ്യമാക്കേണ്ട തുക ബോർഡില്

തീരുമാനവുകയും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിച്ചു കൊടുക്കുമെന്നും എന്ആര്ഇജിഎസ് വിഭാഗം ഉറപ്പ് നല്കി

.ഫയൽസ് സൂക്ഷിപ്പ്  പോരായ്മ പരിഹരിക്കാനായി അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് വൈകുമ്പോൾ  പഞ്ചായത്തിൻറെ ഭാഗത്തുനിന്നും ഫണ്ട്  അനുവദിക്കുന്നതിന് ഭരണസമിതികൾ ഇടപെട്ട് ചർച്ച ചെയ്തു തീരുമാനം ആകാമെന്നും ഗ്രാമസഭ തീരുമാനിച്ചു

.തൊഴിൽ ചെയ്തതിൻറെ കൂലി വൈകുന്നത് കൊണ്ട്  വൈകുന്നതിനുള്ള നഷ്ടപരിഹാരം മേറ്റു മാർ വഴി  ഡിലേ കോമ്പൻസേഷൻ അപേക്ഷിക്കാൻ തീരുമാനമായി

.നിലവിൽ  സജീവമായ  മേറ്റ് മാരെ നിലനിർത്തിക്കൊണ്ട് സജീവമല്ലാത്ത മെറ്റ് മാരെ മാറ്റാനും പുതിയ മേറ്റു മാരെ തിരഞ്ഞെടുക്കാനും ഗ്രാമസഭ തീരുമാനിച്ചു

13 പേരടങ്ങുന്ന സോഷ്യൽ ഓഡിറ്റ് സമിതി രൂപീകരിക്കുകയും തുടർ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുവാനും തീരുമാനമായി

## നിർദ്ദേശങ്ങൾ

- തൊഴിലുറപ്പുപദ്ധതിഇനിയുംവിജയകരമായിമുന്നോട്ട്കൊണ്ടുപോകുന്നതിന്ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിലുംഒരുപോലെമാനദണ്ഡങ്ങൾക്കനുസൃതമായിപ്രവർത്തികൾനടപ്പിലാക്കേണ്ടതുണ്ട്. ത്തൊഴിലാളികളുംമെയ്റ്റ്മാരുംതൊഴിലുറപ്പുപദ്ധതിയിൽപ്രവർത്തിക്കുന്നസ്റ്റാഫുകളുംഅവരുടെനിയമംഅനുശാസിക്കുന്നകൃത്യമായനിർദ്ദേശങ്ങൾപാലിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ളകുറച്ചുനിർദ്ദേശങ്ങൾഅനുബന്ധമായിചേർത്തിട്ടുണ്ട്. (അനുബന്ധംകാണുക)
- ഷെഡ്യൂൾ 1ലെപാര4ൽ അനുബന്ധ പാര 2 അനുസരിച് 60 ശതമാനംപ്രവർത്തികൾആസ്തിവർദ്ധിപ്പിക്കുന്നതുംകാര്ഷികാനുബന്ധപ്രവൃത്തികൾആയിരിക്കാൻ ശ്രദ്ധിക്കണം . എന്നാൽഇപ്പോളത്തെസാഹചര്യത്തിൽകൂടുതൽഭൂവികസനപ്രവർത്തികളുംആസ്തിവര്ധിപ്പിക്കുന്നതായോകൃഷിമെച്ചപ്പെടുത്തുന്നതായോകാണുന്നില്ല.
- വരമ്പുകൾകൃഷിയോഗ്യമാക്കിയതായികണ്ടില്ല. ആടലോടകം, വാതംകൊല്ലി, എരുക്ക്, ആര്യവേപ്പ്, തുടങ്ങിയഔഷധികൾജൈവവേലിക്കുഉപയോഗിക്കുന്നത്ഔഷധസസ്യപരിപാലനത്തിനുംലഭ്യതക്കുംസഹായകമാകും. (അനുബന്ധംകാണുക)
- അവകാശഅധിഷ്ഠിതമായനിയമപരിരക്ഷയോട്കൂടിയപദ്ധതിഒട്ടേറെജനങ്ങൾക്ക്ഗുണപ്രദമാകുന്നു . എന്നാൽഈപ്രവർത്തികൾതെരഞ്ഞെടുക്കുന്നതുംനടത്തിപ്പുംകൃത്യമായചർച്ചകളിലൂടെയുംതദ്ദേശീയമായവസ്തുതകൾഅനുസരിച്ചുംഅല്ല. പ്രവർത്തികൾഅനുയോജ്യമായവതന്നെയാണോഎന്ന്പരിശോധനയുംനടത്തിപ്പിനെസമയത്ത്കൃത്യമായമോണിറ്ററിങ്ങുംഅവലോകനങ്ങളുംചെയ്യേണ്ടതുണ്ട്എന്നാൽമാത്രമേപദ്ധതിയുടെആവശ്യകതയുംഗുണമേന്മയുംഉറപ്പുവരുത്താൻകഴിയൂ. ഇല്ലെങ്കിൽനാളിതുവരെയായിട്ടുംപദ്ധതിയിലെനടത്തിപ്പിലെപാളിച്ചകൾശരിയാംവിധംകണ്ടെത്താനോതെറ്റായിചെയ്തതിൻറെവിശകലനംഅടിസ്ഥാനപ്പെടുത്തിപോരായ്മകൾപരിഹരിക്കുന്നതിനോഇന്നത്തെനടത്തിപ്പുരീതിയിൽസാധ്യമാകുന്നില്ല. പദ്ധതിയുടെലക്ഷ്യവുംഗുണഫലങ്ങളുംസോഷ്യൽഓഡിറ്റ്പ്രക്രിയയിലൂടെഒരുസാമൂഹികവുംപാരിസ്ഥിതികവുമായപരിശോധനനടത്തിയാൽമാത്രമേപോരായ്മകൾപരിഹരിച്ച്പ്രദേശത്തിൻറെയുംജന

ങ്ങളുടെയുംപുരോഗതിനേടാനാവുകയുള്ളു

## ഉപസംഗ്രഹം

ഇനിപ്രവർത്തികൾതിരഞ്ഞെടുക്കുമ്പോൾഅതീവജാഗ്രതപുലർത്തേണ്ടതുണ്ട്.
ഭൂമിയെപുനരുജ്ജീവിപ്പിക്കുന്നതിനുംഅതുവഴിസുസ്ഥിരവികസനംസാധ്യമാകുന്നതിനുംലക്ഷ്യംവെച്ചിട്ടുള്ള തൊഴിലുറപ്പുപദ്ധതിയുടെപ്ലാനിംഗ്
നടത്തിപ്പ്എന്നിവസാമൂഹികപാരിസ്ഥികമാനദണ്ഡങ്ങൾപാലിച്കൊണ്ട്ശാസ്ത്രീയമായിത്തന്നെനടപ്പിലാക്കേണ്ടതുണ്ട്.
എങ്ങനെയെങ്കിലുംപ്രവർത്തികൾനടപ്പിലാക്കിചെലവ്കൂട്ടുകഎന്നുംതൊഴിലാളികൾക്ക്തൊഴിൽദിനങ്ങൾകൂട്ടുകഎന്നുംമാത്രമാവരുത്നിലപാടുകൾ.
വ്യക്തമായകാഴ്ചപ്പാടില്ലാതെഅശാസ്ത്രീയമായരീതിയിൽപ്രവർത്തികൾതെരെഞ്ഞെടുക്കുന്നതുംചെയ്യുന്നതും
,
കാലാനുസൃതമല്ലാത്തപ്രവർത്തികൾചെയ്യുന്നതുംഇതിന്റെയഥാർത്ഥലക്ഷ്യത്തെകളങ്കപ്പെടുത്തുന്നതായിവിഷമത്തോടെനോക്കിനിൽക്കേണ്ടിവരുന്നത്ആശങ്കാജനകമാണ്
ഈസാമൂഹികപരിശോധനഒരുഉയിർത്തെഴുന്നേൽപ്പിനുസാധ്യമാകുമെന്നപ്രത്യാശയോടെഈറിപ്പോർട്ട്സമർപ്പിക്കുന്നു.

<u>സോഷ്യൽ ഓഡിറ്റ് പ്രവർത്തന ങ്ങളിൽ പങ്കാളികൾ ആയവർ</u>

- **വാർഡ് മെമ്പർ**
- **പഞ്ചായത്ത് ഉദ്യോഗസ്ഥർ**
- **തൊഴിലുറപ്പ്  വിഭാഗം ഉദ്യോഗസ്ഥർ**
- **വാർഡിലെ തൊഴിലാളികൾ**
- **മേറ്റ് മാർ**
- **കുടുംബശ്രീ പ്രവർത്തകർ**

അനുബന്ധം- 1-

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ :**

**വിഭാഗം എ**-പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ.

- കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പടെയുള്ള ഭൂഗർഭ ജല വിതാനം ഉയർത്തുന്നതിനാവശ്യമായ അടിയണകൾ,മൺ തടയണകൾ, ചെക്ക് ഡാമുകൾ,തുടങ്ങിയവ
- നീർത്തടത്തിന്റെ സമഗ്ര പരിപാലനതിനുതകുന്ന കൊണ്ടൂർ ബണ്ടുകൾ,ഭൂമി തട്ടുതിരിക്കൽ,ഗ്യാബിയോൻ നിര്മിതികൾ

**വിഭാഗം ബി-**ഖണ്ഡിക അഞ്ചിൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ജീവനോപാധി മെച്ചപ്പെടുത്തുവാനുള്ള പ്രവൃത്തികൾ. (ബി പി എൽ ,പട്ടിക ജാതി, പട്ടികവർഗ്ഗം, വിധവകൾ, ഭിന്നശേഷിക്കാർ, ഐഎവൈ ഗുണഭോക്താക്കൾ.)

- ഇവരുടെ ഭൂമിയിൽ ഉൽപ്പാദന ക്ഷമത വര്ധിപ്പിക്കുന്നതിനാവശ്യമായ ഭൂവികസനവും ,കുളം ,കിണർ തുടങ്ങിയ ജല ലഭ്യതയ്ക്ക് ആവശ്യമായ പ്രവൃത്തികൾ.
- പഴവർഗ്ഗങ്ങൾ,പട്ടുനൂൽ,തോട്ടവിളകൾ തുടങ്ങിയവയുടെ കൃഷിപ്രവൃതികൾ.
- മൃഗ പരിപാലനവുമായി ബന്ധപ്പെട്ടു കന്നുകാലി തൊഴുത്തുകൾ,ആട്ടിന്കൂട് ,കോഴിക്കൂട്,പന്നിക്കൂട് തുടങ്ങിയ വ്യക്തിഗത ആസ്ഥികൾ.
- സർക്കാർ ഭവന നിർമാണ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകൾക്ക്

അവിദഗ്ദ കായിക തൊഴിൽ.

- മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു അടിസ്ഥാന സൌകര്യങ്ങളായ മൽസ്യം ഉണക്കു കേന്ദ്രങ്ങൾ,സൂക്ഷിപ്പ് കേന്ദ്രങ്ങൾ മല്സ്യക്രുഷിക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ എന്നിവ.

**വിഭാഗം സി**- ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൌകര്യ വികസനം.

- സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്കാവശ്യമായ വർക്ക് ഷെഡ് നിർമാണം.
- കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണം.
- ജൈവ വള നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവ.

**വിഭാഗം ഡി**-ഗ്രാമീണ അടിസ്ഥാന സൌകര്യ വികസന പ്രവൃത്തികൾ.

- മാലിന്യ സംസ്കരണ സംവിധാനങ്ങൾ.
- അങ്കണവാടി സ്കൂൾ തുടങ്ങിയവയ്ക്ക് കക്കൂസ് നിർമ്മാണം.
- ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങളെയും,ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡുകളുമായി ബന്ധിപ്പിക്കുന്നതിനാവശ്യമായ എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകൾ, ഓടകൾ, കല്ലുങ്കുകൾ,നടപ്പാതകൾ .
- പൊതു കളിസ്ഥലങ്ങൾ
- വെള്ളപ്പൊക്കം, വരൾച്ചാ നിയന്ത്രണ പ്രവൃത്തികൾ.
- ഗ്രാമ പഞ്ചായത്തുകൾ,വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേ ഷനുകൾ, ഗ്രാമീണ ചന്തകൾ,അങ്കണവാടികൾ, പ്രകൃതി ക്ഷോഭ ബാധിതർക്കുള്ള അഭയ കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്ക് കെട്ടിട നിർമ്മാണം.
- തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികൾക്കാ വശ്യമായ നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം.
- തൊഴിലുറപ്പ്പ്രകാരം സൃഷ്ട്ടിക്കപ്പെട്ട പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയവ.

അനുബന്ധം: **വിവിധതലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകൾ.**

**<u>മേറ്റ് മാരുടെ </u>ചുമതലകൾ.**

പ്രവൃത്തി സ്ഥലങ്ങളിൽ പ്രവൃത്തിയുടെ മേൽനോട്ടം.

- തൊഴിൽ കാർഡിൽ ആവശ്യമുള്ള വിവരങ്ങൾ രേഖപ്പെടുത്തുക.
- മസ്റ്റർ റോളിൽ തൊഴിലാളികളുടെ ഹാജർ ഉറപ്പു വരുത്തുക.
- മേറ്റ്മാരുടെ പരിശീലനങ്ങളിൽ പങ്കെടുക്കുക. അറിവുകൾ തൊഴിലാളിക

ളുമായി പങ്കുവെക്കുക

- പ്രവൃത്തി ഇടങ്ങളിൽ ആവശ്യ മായ സൌകര്യങ്ങൾ ഉണ്ടോ എന്ന് ഉറപ്പു വരുത്തുക
- സൈറ്റ് ഡയറിയിൽ മോണിറ്ററിംഗിന് വരുന്ന ഉദ്യോഗസ്ഥരെ കൊണ്ട് ഒപ്പ് വയ്പ്പിക്കണം
- തൊഴിലാളികൾക്ക് അവരുടെ പത്തു അവകാശങ്ങളെ കുറിച്ച് പറഞ്ഞു കൊടുക്കുകയും അവരെ ബോധാവത്കരിക്കുകയും ചെയ്യുക
- പുതിയ തൊഴിൽ ഇടങ്ങൾ കണ്ടെത്തുവാനും പുതിയ തൊഴിൽ ആസൂത്രണം ചെയ്യുവാനും തൊഴിലാളികളെ സഹായിക്കുക .
- കൃത്യമായി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിലും,പ്രൊജക്റ്റ് മീറ്റിങ്ങിലും പരിശീലന ക്യാമ്പിലും പങ്കെടുക്കുക.
- മറ്റു തൊഴിലാളികൾക്ക് കൂടി മേറ്റ് ന്റെ ചുമതലകളിലേക്ക് കടന്നു വരാനുള്ള സാഹചര്യം ഉണ്ടാക്കുക
- തൊഴിലാളികളുമായി നിരന്തര സമ്പർക്കം പുലർത്തുകയും കൂടുതൽ ബന്ധം സ്ഥാപിക്കുകയും ചെയ്യുക.

**ഓവർസീയർ /എഞ്ചിനീയർ**

- പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ.
- പ്രവൃത്തിയുടെ സാങ്കേതിക കാര്യങ്ങളും അളവുകളും തൊഴിലാളികൾക്ക് പറഞ്ഞു കൊടുക്കുക.
- പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തി കൂലിനൽകുന്നതി നാവശ്യമായ നടപടികൾ ചെയ്യുക.

**പഞ്ചായത്ത് സെക്രട്ടറി /അസിസ്റ്റന്റ് സെക്രട്ടറി**

- പദ്ധതിയുടെ മേൽനോട്ടം.
- ബില്ലുകൾ അംഗീകരിക്കൽ.
- തൊഴിലാളികളുടെ വേതനം യഥാസമയം അവരുടെ എക്കൌണ്ടിൽ എത്തിയെന്നത് ഉറപ്പു വരുത്തൽ.
- മസ്റ്റർ റോള് സാക്ഷ്യപ്പെടുത്തി തൊഴിൽ അനുമതി നൽകുക,

**തൊഴിലാളികളുടെ കടമകൾ.**

- തൊഴിലിടങ്ങളിൽ സമയകൃത്യത പാലിക്കുക.
- പ്രോജക്റ്റ് മീറ്റിംഗ്, തൊഴിലുറപ്പ് ഗ്രാമസഭകൾ,സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എന്നിവയിൽ പങ്കെടുക്കുക.
- ഏൽപ്പിക്കുന്ന ജോലികൾ കൃത്യതയോടെ പൂർത്തീകരിക്കുക.
- ദിവസവും തൊഴിൽ ആരംഭിക്കുന്നതിനു മുമ്പും ശേഷവും മസ്റ്റർ റോളിൽ ഒപ്പുകൾ രേഖപ്പെടുത്തുക

……………………………………………………………………………………………………

**അധ്യക്ഷ** **ബ്ലോക്ക് റിസോഴ്സ് പേഴ്സൺ** **ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സൺ**